LIBRARY ARCHIVES Kerala Legislative Assembly

കടലാക്രമണം ചെറുക്കുന്നതിന് ജിയോ ട്യൂബുകൾ

175 (3881) ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കടലാക്രമണ ഭീഷണി ചെറുക്കുന്നതിന് പ്രയോജനകരമാണെന്ന് തെളിഞ്ഞ ജിയോ ട്യൂബുകൾ സംസ്ഥാന വ്യാപകമായി ഉപയോഗിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

കടലാക്രമണം ഏറ്റവും രൂക്ഷമായ എറണാകുളം ജില്ലയിലെ ചെല്ലാനത്ത് വാച്ചാക്കൽ, കമ്പനിപ്പടി, ബസാർ, വേളാങ്കണ്ണി, ചെറിയകടവ് എന്നീ പ്രദേശങ്ങളിലായി 8 കോടി രൂപയുടെ ജിയോ ട്യൂബ് ഉപയോഗിച്ചുള്ള 5 പ്രവൃത്തികളാണ് (1000 മീറ്റർ നീളം) പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കി വരുന്നത്, ഇതുകൂടാതെ 18-7-2019-ലെ ജി.ഒ(എം.എസ്) നം.28/2019/ജവിവ. ഉത്തരവ് പ്രകാരം മലപ്പുറം ജില്ലയിലും ആലപ്പുഴ ജില്ലയിലുമായി ജിയോ ട്യൂബ് ഉപയോഗിച്ച് സംരക്ഷണഭിത്തി നിർമ്മിക്കുന്നതിന് 862.50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ മലപ്പുറം ജില്ലയിലെ പൊന്നാനി കടൽത്തീരങ്ങളിൽ പ്രവൃത്തികൾക്ക് ടെൻഡർ ചെയ്തിരുന്നെങ്കിലും 4 കരാറുകാരുടെ പ്രതികരണം ഇല്ലാത്തതിനാൽ എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആലപ്പുഴയിൽ ജിയോ ട്യൂബ് നിർമ്മിക്കുന്നതിനുദ്ദേശിച്ച സ്ഥലത്ത് കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് മുഖാന്തരം പുലിമുട്ടുകളുടെ നിർമ്മാണം നടപ്പിലാക്കി വരുന്നതിനാൽ ജിയോ ട്യൂബ് പ്രവൃത്തി നടപ്പിലാക്കിയിട്ടില്ല. ഇന്നത്തെ പരിസ്ഥിതിക്കും തീരത്തിന്റെ ഘടനയ്ക്കും അനുയോജ്യമായ കടൽഭിത്തിയുടെയും പുലിമുട്ടുകളുടെയും പുതുക്കിയ ഡിസൈനിനുവേണ്ടി നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ച് എന്ന വിദഗ്ധ സ്ഥാപനത്തിന്റെ സഹായത്തോടെ വിശദമായ പഠനം നടത്താൻ തീരുമാനിച്ചിട്ടുണ്ട്. പഠനത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

കടലാക്രമണം

176 (3882) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെക്കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് കടലാക്രമണം തടയുന്നതിനായി കഴിഞ്ഞ സാമ്പത്തിക വർഷം എത്ര രൂപയുടെ പദ്ധതിയാണ് പ്രഖ്യാപിച്ചിട്ടുള്ളത്; ഇതിൽ എത്ര തുക ചെലവഴിച്ചെന്ന് വ്യക്തമാക്കാമോ?